





# സെന്റ് ഡോൺബോസ്കോ കൊടകര

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION


PRESENTS

little KITEs

Little Kites

We Play* We Explore* We Learn

# ഡോൺ വോയ്സ്



# സെന്റ് ഡോൺബോസ്കോ

# കൊടകര

# എഡിറ്റോറിയൽ

പ്രിയം നിറഞ്ഞ ലിററിൽ കൈററ് കുട്ടികളെ ,

നിങ്ങളോരോരുത്തരും ഓരോ ദിവസവും നിങ്ങളുടെ ജീവിത കഥ എഴുതിക്കൊണ്ടിരിക്കുകയാണ് .ഈ കഥ വിജയത്തിന്റേതാകണമോ പരാജയത്തിന്റേതാകണമോ എന്ന് പൂർണമായും തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട് വിജയം ആരുടേയും കുത്തകയല്ല ആരുടേയും ഔദാര്യവുമല്ല ഈ ലോകത്തിലേക്ക് കാൽകുത്തുന്ന ഓരോ വ്യക്തിയുടെയും അവകാശമാണത് . നമ്മുടെ മുൻപിൽ സ്വപ്നങ്ങൾ ഇല്ലെങ്കിൽ മരുഭൂമിപോലെയായിത്തീരും നമ്മുടെ ജീവിതം. സ്വപ്നങ്ങളില്ലെങ്കിൽ ലക്ഷ്യമില്ലാതാകും. ലക്ഷ്യമില്ലതായാൽ മാർഗം ദുര്ഘടമാകും പ്രവർത്തിക്കാൻ വേണ്ട ഊർജ്ജം നമുക്ക് സ്വപ്നങ്ങൾ തരും. അവ നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും നമ്മെ ആത്മവിശ്വസമുള്ളവരാക്കിത്തീർക്കുകയും ചെയ്യും. നിങ്ങൾ സ്വയം നിങ്ങളുടെ സ്വപ്നങ്ങളെകുറിച്ച നിങ്ങളെത്തന്നെ ഓർമിപ്പിച്ചുകൊണ്ടിരിക്കുക.വിജയത്തിലേക്ക് കുറുക്കുവഴികളില്ല.വെറുതെയിരുന്നാൽ വിജയം നിങ്ങളുടെയടുത്തേക്ക് കടന്നുവരികയുമില്ല ഇന്നിന്റെ വേദനകളെയും പ്രയാസങ്ങളെയും ആത്മവീര്യത്തോടെ നേരിടുന്നവർക്കേ വിജയത്തിന്റെ ഉയരങ്ങളിലേക്ക് കുതിക്കാൻ കഴിയൂ. ദൈവത്തിൽ വിശ്വാസമർപ്പിച്ച് കുറ്റങ്ങളേയും കുറവുകളേയും മറികടന്ന് വിജയത്തിനായി യത്നിക്കുക. ഓരോ പ്രഭാതത്തിലും നിങ്ങളോട് തന്നെ അഞ്ച് കാര്യങ്ങൾ പറയുക

ഞാൻ ദൈവത്തിന്റെ മകനാണ്,മകളാണ്.
ദൈവം എപ്പോഴും എന്നോടൊപ്പമുണ്ട്.
ഞാൻ കഴിവുള്ളവനാണ്, കഴിവുള്ളവളാണ്.
എനിക്കിത് ചെയ്യാൻ കഴിയും.
ഇന്ന് എന്റെ ദിവസമാണ്...........

ഒത്തിരി സ്നേഹത്തോടെ ,
സി.ജ്യോതി
(പ്രധാന അദ്ധ്യാപിക )

## ഹൈടെക് അക്ഷരലോകത്തിൽ



2018 ജൂലായ് 7 ന് ഹൈടെക്ക് ക്ലാസ് മുറികളുടെ ഉദ്ഘാടനം

# ചരിത്രദുരന്തത്തിനു കൈത്താങ്ങുമായി ഡോൺ ബോസ്കോ വിദ്യാലയം




പ്രകൃതി ദുരന്തത്തിന് മുൻപിൽ പകച്ചുനിന്ന കുടുംബങ്ങൾക്ക് ആശ്രയമായി കൊടകര ഡോൺ ബോസ്കോ വിദ്യാലയം.ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ച വിദ്യാലം 346 കുടുംബങ്ങൾക്ക് അഭയമായി.ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റും പഞ്ചായത്തും കൊടകര സെൻറ് ജോസഫ്സ് ഫൊറോന ദേവാലയവും ചേർന്ന് ദുരിതമനുഭവിക്കുന്നവർക്കു ഭക്ഷ്യവസ്തുക്കൾ,വസ്ത്രം,മരുന്ന്,നിത്യോപയോഗസാധനങ്ങൾ എന്നിവ വിതരണം ചെയ്യുകയും,ഓണസദ്യ തയ്യാറാക്കിനല്കുകയും ചെയ്തു.വിദ്യാലയത്തിലെ പ്രളയദുരന്തമനുഭവിച്ച എല്ലാ വിദ്യാർഥികക്കും മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെന്നൈയിലെ ഹോളിഫാമിലി മെടിക്കുലേഷൻ സ്കൂളിൽനിന്നും പ്രത്യേകം തയ്യാറാക്കിയ കിറ്റുകൾ ഹോളുഫാമിലി പാവനാത്മ പ്രൊവിൻഷ്യൽ റവ.സി.രഞ്ജന വിതരണം ചെയ്തു.ദുരിതം നേരിട്ട കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും


വിദ്ധാർത്ഥികൾക്കു വേണ്ട യൂണിഫോം പഠനോപകരണങ്ങൾ എന്നിവ നല്കുകയും ചെയ്തു. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരെ പിടിഎ യുടെ സഹകരണത്തോടെ സഹായം നൽകാനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു.




## <u>അറിവിന്റെ അക്ഷരലോകം</u>

**ഈ ലോകത്തിൽഞാനുരു-**
**വായൊരു നാൾ മുതൽ,**
**എന്നുള്ളിലഴിഞ്ഞമർന്നൊരു**
**ലോകം!**
**അക്ഷരത്തിന്റെ ആത്മാവിനെ**

# അമ്മ



കണ്ണായ ഒരമ്മ
കൺമണിപോലെ കാണുന്ന
അമ്മ
കൺമഷം എല്ലാം മാറ്റുന്ന
അമ്മ
കരകാണ കടലിൽ ഞാൻ
ഉഴറുമ്പോൾ
തീരം കാട്ടിയ അമ്മ
ആ പാദാന്തികത്തിൽ എന്റെ
വന്ദ്യമാം പ്രണാമം

## എങ്ങു പോയി

വേർപാടിന്റെ വേദന
ബാക്കിയാക്കി നീ എങ്ങോ
പോയ് മറഞ്ഞു .
മനസ്സിൽ വിതുങ്ങൾ
സാക്ഷിയാക്കി നീ
എങ്ങു പോയ് മറയുന്നു

കണ്ണീരാൽ കുതിർന്ന
യാത്ര മൊഴിയും പേറി
ജീവിത യാത്രതൻ
തീരാ ഭാരം ഇറക്കി
നീ എന്നെ തനിച്ചാക്കി
എങ്ങു പോയ് മറയുന്നു

ജ്വലിക്കുന്ന വേദന തൻ
അഗ്നി ജ്വാലകളാൽ തെളിയിച്ച
മെഴുതിരികൾ നിനക്കായി എരിഞ്ഞു
അമരുന്നു


ഒരു നിമിഷം കൊണ്ട്
നിന്റെ ജീവിത യാത്ര മതിയാക്കി
ആരും പ്രതീക്ഷിക്കാതെ
ആരും അറിയാതെ
എങ്ങു പോയി എങ്ങു പോയി
മറയുന്ന നീ ............




മരിക്കുന്ന മരം

ഏവരും കളിച്ചുവളർന്നയീ മണ്ണിലോ
ഏകനായ് നിൽക്കുന്നിതായീ മരം
ഒരു തുള്ളി ദാഹജലത്തിനായ് മോഹിച്ചു
ഒടിയുവാൻ ഇനിയും നിമിഷങ്ങൾ മാത്രം
വരളുന്നയിലകളോ പൊഴിയുന്നു ഭൂമിയിൽ
വേർപാടിന്റെ വേദന
ബാക്കിയാക്കി നീ എങ്ങോ
പോയ് മറഞ്ഞു .
മനസ്സിൽ വിതുങ്ങൾ
സാക്ഷിയാക്കി നീ
എങ്ങു പോയ് മറയുന്നു

കണ്ണീരാൽ കുതിർന്ന
യാത്ര മൊഴിയും പേറി
ജീവിത യാത്രതൻ
തീരാ ഭാരം ഇറക്കി
നീ എന്നെ തനിച്ചാക്കി
എങ്ങു പോയ് മറയുന്നു


ജ്വലിക്കുന്ന വേദന തൻ
അഗ്നി ജ്വാലകളാൽ തെളിയിച്ച
മെഴുതിരികൾ നിനക്കായി എരിഞ്ഞു
അമരുന്നു
ഒരു നിമിഷം കൊണ്ട്
നിന്റെ ജീവിത യാത്ര മതിയാക്കി
ആരും പ്രതീക്ഷിക്കാതെ
ആരും അറിയാതെ
എങ്ങു പോയി എങ്ങു പോയി
മറയുന്നു നീ ............



## തേൻ കുരുവീ

ചെല്ലക്കുരുവീ... തേൻ കുരുവീ...
എന്നുടെ കൂടെ പോരുന്നോ?
കൂടുണ്ടാക്കാൻ ചകിരിതരാം....
വള്ളിത്തരാം ഞാൻ കമ്പുതരാം...

# കുഞ്ഞാലിപ്പാറ

പൊൻപുലരിയിൽ സൂര്യകിരണങ്ങൾ വന്നുചേരാൻ തുളുമ്പിനിൽക്കുന്ന നേരത്തു ഞങ്ങൾ യാത്ര ആരംഭിച്ചു

പുരാതനകാലംമുതലേ, മനുഷ്യന്റെ ഉള്ളിൽ ഇഷ്ടംപിടിച്ചുപറ്റിയ പ്രദേശം ,കുഞ്ഞാലിപ്പാറ. അത് ഇന്നും ഞങ്ങളുടെ മനസ്സിൽ മായാത്ത അനുഭവമായി തെളിഞ്ഞുനിൽക്കുന്നു. നാഗരികതയുടെ ശബ്ദാന്തരീക്ഷത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ മറ്റൊന്നിലേക്ക് പ്രവേശിച്ചപ്പോൾ അത് ഞങ്ങൾക്ക് സമ്മാനിച്ചത് വേറിട്ടൊരു അനുഭൂതിയായിരുന്നു . മലകളാലും വൃക്ഷങ്ങളാലും ചുറ്റപ്പെട്ട ആ പ്രദേശം ഞങ്ങൾക്ക് അപരിചിതമായിരുന്നു . വടക്കുനിന്ന് വീശിയ കാറ്റ്,കാടിന്റെ പുത്രിയായ പൂത്തുലഞ്ഞുനിന്ന ചന്ദനമരത്തിന്റെ സാന്നിധ്യം ഞങ്ങളെ അറിയിച്ചു. അവിടെയുള്ള മരച്ചില്ലകളുടെ ചുവട്ടിലായിരുന്നു ഞങ്ങൾ വിശ്രമിച്ചത്. ഞങ്ങൾ യാത്ര തുടർന്നു .നദിയിൽ തുടിച്ചുകളിച്ചിരുന്ന മത്സ്യങ്ങളെ ഞങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ടു. വനനിബിഡമായ ആ മലയിലെ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിച്ചപ്പോൾ തികച്ചും ശാന്തമായ ഒരനുഭവമായിരുന്നു. അസ്തമയസൂര്യന്റെ കിരണങ്ങളാൽ പ്രകാശം നദിയിലേക്ക് പതിച്ചപ്പോൾ ആ പ്രകാശം പാറയിൽ തട്ടി,പാറകൾ രത്നംപോലെ തിളങ്ങാൻ തുടങ്ങി. നദിയുടെ സമീപത്തുള്ള മുട്ടപ്പാറയിൽ ഇരുന്ന് ഞങ്ങൾസായാഹ്നസന്ധ്യ ചിലവഴിച്ചു. ഇരുട്ടുപരക്കുമ്പോഴേക്കും ഞങ്ങൾ അവിടെനിന്ന് തിരിച്ചുപോരാൻ തീരുമാനിച്ചു. മടങ്ങാൻ ഞങ്ങൾക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. കാരണം കുഞ്ഞാലിപ്പാറ ഞങ്ങളുടെ മനസ്സിൽഇടംപിടിച്ചുകഴിഞ്ഞിരുന്നു. കാടിന്റെ മൂകതയിൽ കള, കള ശബ്ദത്താൽ ഒഴുകിയെത്തിയ നദിയുടെ സ്വരം ഞങ്ങളുടെ കാതുകളിൽ ഇപ്പോഴും അലയടിച്ചുകൊണ്ടിരിരിക്കുന്നു.




# LONELY VISION

**I wandered lonely as a cloud**
**that floods high over risen hills**
**when all at once I saw a cloud**
**a host of golden daffodils**
**besides the lake beneath**
**a host of golden daffodils,**
**burning the fury of my immortal sensation**
**to fly across the daffodils**
**touch the sparkles,**
**gain my fury vision,take me past the immortal light**
**give me life.**
**cape me with golden daffodils**
**take away the dark;give me life.**
**let me breathe,the light of vision;give me life.....**

# മധുരം ഗണിതം

ഗണിതം ഗണിതം നമ്മുടെ മിത്രം
ഗണിതം പലവിധമുണ്ടല്ലോ
() ഹരണം ഗുണനം അങ്ങനെയങ്ങനെ

**പലവിധ രസകരഗണിതങ്ങൾ**





ഇന്ന് എന്നാണവർക്കു പേര്
ഒരു പാടു കുറ്റങ്ങൾ ചെയ്തവർ
നാമെന്നാലതുമായും കുഞ്ഞിനെ-
അവഗണിച്ചീടുമീ-
യപരായമേറ്റവും ക്രൂരം.

# നന്മയുടെ പൂക്കൾ

അന്നയും കൂട്ടുകാരും ഒരു വിനോദയാത്രക്ക്
പോയി.അന്ന ദരിദ്രകുടുംബത്തിലെ
അംഗമായിരുന്നു.മാറ്റുകൂട്ടുകാർക്ക് ഇത്
അറിയില്ലായിരുന്നു.ഭക്ഷണത്തിനുള്ള നേര
മായപ്പോൾ അവർ ഒരു ഹോട്ടലിൽ കയറി.
ഭക്ഷണത്തിന് പണം വേണ്ടിവരുമെന്ന്
അറിഞ്ഞപ്പോൾ അന്ന തന്റെ കുടുംബത്തിന്റെ
ദാരിദ്ര്യം അറിഞ്ഞു ഒരു ഗ്ലാസ് വെള്ളത്തിൽ
വിശപ്പൊതുക്കി. എന്നാൽ അന്നയുടെ
ഒറ്റസുഹൃത്തായിരുന്ന ഹിമ അതെല്ലാം
ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവൾ അന്നയുടെ
അരികിൽ വന്നു കാര്യങ്ങൾ ചോദിച്ചറിഞ്ഞു.
അന്നയുടെ വിഷമങ്ങൾ മനസ്സിലാക്കി. ഹിമ തന്റെ
ഭക്ഷണത്തിന്റെ പകുതി അവൾക്ക് നൽകി.അങ്ങനെ
ഹിമ സാന്തോഷത്തിന്റെയും നന്മയുടെയും മാതൃക
നൽകി. അന്നയുടെ മാറ്റുകൂട്ടുകാരും ഇതിൽ
പങ്കുചേർന്നു ഭക്ഷണം കഴിഞ്ഞപ്പോൾ
മനസ്സുനിറയെ സന്തോഷവുമായി അവർ
വീട്ടുകളിലേക്ക് മടങ്ങി.

ഗുണപാഠം : നമ്മുടെ കൂട്ടുകാരെ സഹോദരതുല്യം കരുതുക.
അവരുടെ നന്മയും നമ്മുടെ വളർച്ചയുടെ ഒരു
ഭാഗമായിരിക്കണം.പഠനത്തോടൊപ്പം
കൂട്ടുകാരെക്കുറിച്ചുള്ളകരുതലുംജീവിതത്തിന്റെഭാഗമായിരിക്കട്ടെ

## .ദൈവദൂതർ

പുറത്തെ കോലാഹലം കേട്ടാണ് ഉണ്ണിക്കുട്ടൻ ഉണർന്നത്.ജനലിലൂടെ  അവൻ കണ്ടത് തിമിർത്തു പെയ്യുന്ന മഴയാണ് .അവൻ അമ്മയെ വിളിച്ചു . കുഞ്ഞനിയത്തിയെ ഒക്കത്തെടുത്തുകൊണ്ട് വന്ന  അമ്മ പറഞ്ഞു .'മോനെ മഴ നിർത്താതെ പെയ്യുകയാണ് .നമ്മുടെ മുറ്റം വരെ വെള്ളം പൊങ്ങി' . സാധാരണ മഴ പെയ്യുമ്പോൾ നമ്മുടെ മുറ്റത്ത് ഇത്രയും വെള്ളം പൊങ്ങാറില്ല . എന്തായാലും മോൻ ഇത്തിരി കഞ്ഞി കുടിക്ക് .മഴ കണ്ടിട്ട് ഇന്ന് എന്തായാലും സ്കൂളിൽ പോകാൻ പറ്റുമെന്നു തോന്നുന്നില്ല .മഴയെ അവന് എന്നും ഇഷ്ട്ടമായിരുന്നു .പക്ഷേ ഈ മഴ അവനെ ഭയത്തിലാഴ്ത്തി ഇന്നലെ തുടങ്ങിയതല്ലേ .ഇതുവരെയും തോർന്നിട്ടില്ല. അവൻ ജനൽ കമ്പിയിൽ പിടിച്ചു പുറത്തേക്കു നോക്കിനിന്നു .ആളുകൾ വെപ്രാളത്തോടെ എവിടേയ്ക്കോ ഓടുന്നുണ്ട് .നോക്കി നിൽക്കെ അവൻ്റെ വീട്ടിലും വെള്ളം കയറി .'അമ്മ സഹായത്തിനായി
പലരെയും വിളിച്ചു . പക്ഷേ ആ വിളി ആരും കേട്ടില്ല. 'അച്ഛനില്ലാത്ത ഈ കുട്ടികളേയും കൊണ്ട് ഞാൻ എന്തുചെയ്യും എന്റെ ഈശ്വര' .അവർ ദൈവത്തെ വിളിച്ചു കരഞ്ഞു .ഓരോ നിമിഷവും വെള്ളം ഉയരുന്നു കൊണ്ടിരിക്കുകയാണ് .എന്തു ചെയ്യുമെന്നു അവർക്കു



അറിയില്ലായിരുന്നു .മണികൂറുകൾ കടന്നുപോയി .സൂര്യൻ അസ്തമിക്കാറായി . ഇരുട്ടും വെള്ളവും അവരെ വല്ലാതെ ഭയപ്പെടുത്തി .ചുറ്റും ആരുമില്ല .താങ്ങലെ രക്ഷിക്കാൻ ഇനി ദൈവത്തിനെ സാധിക്കുള്ളൂവെന്ന് അവർക്കു മനസിലായി .അവർ മനമുരുകി പ്രാർത്ഥിച്ചു .അങ്ങനിരിക്കെ ,'ആരെങ്കിലും ഉണ്ടോ ' എന്നൊരു വിളികേട്ടു .അത് ദൈവത്തിന്റെ ശബ്ദം പോലെ ആ അമ്മക്കു തോന്നി .'ഉണ്ട് ,ഉണ്ട് ' എന്നുവിളിച്ചു കൂവിക്കൊണ്ടു മക്കളെയും വാരിയെടുത്ത് അവർ വള്ളത്തിൽ കയറി .ദൈവദൂതന്മാരെ പോലെയുള്ള മത്സ്യതൊഴിലാളികളായിരുന്നു അവർ .അവർ രക്ഷിച്ച ജനലക്ഷങ്ങളുടെ കൂടെ ആ അമ്മയും മക്കളും ദുരിതാശ്വാസ കാമ്പിലേക്ക് ............

**നമ്മുടെ കഷ്ടപാടുകളിൽ ദൈവത്തിനു നേരിട്ട് രക്ഷിക്കാൻ സാധിക്കില്ല .എന്നാൽ അവിട്ടുത്തെ കരസ്പർശം ദൈവതുല്യര്യ ചിലദൈവദൂതരിലൂടെ നമ്മുക്കു അറിയാൻ സാധിക്കും .**



പൊന്നോണം

തിരുവോണ പുലരിയിൽ മാണി
മുറ്റം നിറയെ
പാട്ടുമായെത്തി കിളികൾ
തുമ്പതൻ വെൺമയും തുഞ്ചന്റെ പാട്ടും
നിറയുന്ന പൊന്നോണ നാള്

പൂക്കളം തീർക്കുന്ന നാള്
പാടി പൂന്നുള്ളി പായുമൊരു നാള്

മാവേലി തന്നുടെ പൊന്നോണം

മലയാളി തന്നുടെ പൊന്നോണം

കറുകകൾ ചെതികൾ പാടി പുകഴ്ത്തുന്ന
മലയാള നാടിന്റെ പൊന്നോണം
ഓണം ഓണം പൊന്നോണം
ഓണം ഓണം പൊന്നോണം

# പ്രളയം

മർത്യൻറകണ്ണീരല്ലാം ഒരുമിച്ച കൂടി
കേരളത്തിൽ തീർത്തതാണോ ഈ പ്രളയം
പാവപെട്ടവനെന്നും പണക്കാരനുമുള്ള
അന്തരം മാറ്റിയതാണോ ഈ പ്രളയം
മേടയിൽ വാഴുന്നവനും കൂരയിൽ കഴിഞ്ഞവനും
ഒരുമയോടെ ഒരേ ഭക്ഷണം കഴിച്ചതാണീ പ്രളയം .
ഒരു കിററുണിക്യായി വരിയിൽ നിന്നും കൈനീട്ടി
കണ്ണീരോടെ മുഖം തുടച്ചതാണീ പ്രളയം .
ജാതിയന്നോ മതമെന്നോ അന്തരമില്ലാത്ത
കേരളം ജനതയെ ഒന്നിച്ച നിർത്തിയതാണ് ഈ
പ്രളയം
ഒഴുകിനത്തിര മനുഷ്യ ജീവനെ രക്ഷിക്കാൻ
സ്വജീവൻ തൃണാവത് ക്കരിച്ചോരി പ്രളയം
മർത്യൻ് റെ കണ്ണീരെലാം ഒരുമിച്ച കൂടി
കേരളത്തിൽ തീർത്തതാണോ ഈ പ്രളയം
പാവപെട്ടവനെന്നും പണക്കാരാണെന്നുമുള്ള
അന്തരം മാറ്റിയതാണോ ഈ പ്രളയം



ഗോപിക ഡി.

VII - A



# രാത്രി

നിശബ്ദത തൻ നീലയാമങ്ങളിൽ
മിന്നി തിളങ്ങുന്ന ആകാശ ഗോളങ്ങളിൽ
നിന്ന് തിളങ്ങുന്ന താരമേ
എത്ര മനോഹരമീ രാത്രി..........
ഈ രാത്രിയിൽ വെട്ടത്തിന്നായി
പറന്നെത്തുന്ന മിന്നാമിനുങ്ങേ
ചന്ദ്രന് കൂട്ടായി വന്നതാണോ ?
നിശാഗന്ധിതൻ സുഗന്ധപൂരിതമാം
രാത്രി എത്ര മനോഹരം
ഇളംങ്കാറ്റിൽ താളത്തിലാടുന്ന ദളങ്ങൾ
പാടുന്നു നിന്നകയി രാഗങ്ങൾ
പാലാഴി കണക്കെ ഒഴുകുന്ന പുഴയും
ചന്ദന കിണ്ണമായി അമ്പിളി

# സ്നേഹത്തിന്റെ മാധുര്യം




ഓടി വീണതെൻ ഓമനപൈതലേ
വാരി പുണർന്നു ഞാൻ നെഞ്ചോട് ചേർത്തു
കണ്ണീരുകൊണ്ട് നിറഞ്ഞവൻ കണ്ണുകൾ
എൻകൈകളാൽ ഞാൻ തുടച്ചുമാറ്റി
എൻ പൈതലിൻ കവിളിൽ മേലുരുമ്മ നൽകിയപ്പൾ
അവൻ സങ്കടമെല്ലാം മാഞ്ഞുപോയി
സന്തോഷത്താലാവാൻ കെട്ടിപ്പിടിച്ചപ്പോൾ
സന്തോഷവതിയായി എൻ മനമാകെ
പൊക്കിയെടുത്തുതൻ ഓമനപൈതലേ
താരാട്ടുപാട്ടു പാടി ഞാനുറക്കി
താരാട്ടുപാട്ടു കേട്ടുറങ്ങും നേരം
''അമ്മ' എന്ന വാക്കവൻ ഉച്ചരിച്ചു



# UP IN A TREE

A bird sings so sweetly
Natures own voice....
I hear
Rustling whistling leaves
**turning breeze into speech**

# വായനക്കുറിപ്പ്




എന്റെ സത്യാന്വേഷണ പരീക്ഷണ കഥ

ഞങ്ങൾ വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ വച്ച് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പുസ്തകമാണ് ഗാന്ധിജിയുടെ ആത്മകഥയായ എന്റെ സത്യാന്വേഷണപരീക്ഷണ കഥ.

1869 ഒക്ടോബർ 2 ന കരം ചന്ദ്ഗാന്ധിയുടെയും പുതലിബായുടെയും 4 മക്കളിൽ ഇളയവനായി ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്തുള്ള പോർബന്തറിലാണ് അദ്ദേഹം ജനിച്ചത്.സത്യത്തിനും അഹിംസക്കും സ്വന്തം ജീവിതത്തിൽ ഏറെ പ്രാധാന്യം കൊടുത്ത ഒരു മഹത്‌വ്യക്തിയാണ് ഗാന്ധിജി എന്ന് അദ്ദേഹത്തിന്റെ ആത്മകഥ വായിച്ചപ്പോൾ ഞങ്ങൾക്ക് മനസ്സിലായി.ആ ചിന്തകൾ ഏറെ സ്വാധീനിച്ചു. ലാളിത്യവും, ഈശ്വരചിന്തയും പ്രകൃതിസ്നേഹവും,ഗാന്ധിജിയുടെ മുഖമുദ്രകളായിരുന്നു.അദ്ദേഹത്തിന്റെ ആത്മകഥ വായിച്ചപ്പോൾ ആ മഹാത്മാവിനെ ഒന്ന് കാണുവാൻ


ഏറെ ആഗ്രഹം തോന്നി.ഗാന്ധിജിയുടെ 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന മഹതവാക്യം ഞങ്ങളുടെ മനസ്സിനെ വളരെയധികം സ്പർശിച്ചു.





''അമ്മ ''

അമ്മ നീ എന്നെ തഴുകി
ളുവെള്ളി ചിറകുകളാലെ
സ്നേഹത്തിൻ ദേവാലയം അംബികേ
നീ എന്റെ ദൈവം പോലായി
സ്നേഹത്തിൻ പൂവായി നീ നിന്ന്
ഞാൻ അതിൽ മധു നുകരാൻ വന്നു


അംഗീകാരത്തിൻെറ ആയിരം
നക്ഷത്രങ്ങൾ


REDMI NOTE 5 PRO
MI DUAL CAMERA




© 2016 By: MPINK




REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA





# മിന്നും താരങ്ങൾ














കായികലോകത്തിലേക്ക്


ST.DONBOSCO G H S
KODAKARA
REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA
ST.DONBOSCO G H S
KODAKARA


ST.DONBOSCO G H S
KODAKARA
REDMI NOTE 5 PRO
MI DUAL CAMERA

# എഡിറ്റോറിയൽ ബോർഡ്



**അഷ്മിത റോയ്**

**ലക്ഷ്മി കൃഷ്ണ പി .ബി**

**ഏയ്ഞ്ജൽ മരിയ കെ.ജെ**

**അൻസില ടി.ബി**

**നയന ഫ്രാൻസിസ്**

**ഫിദ പി.എഫ്**

**പൂജലക്ഷമി ടി.എസ്**


REDMI NOTE 5 PRO
MI DUAL CAMERA


KODAKARA
REDMI NOTE 5 PRO
MI DUAL CAMERA

**മരിക്കുന്ന മരം**

**ഏവരും കളിച്ചുവളർന്നയീ മണ്ണിലോ**
**ഏകനായ് നിൽക്കുന്നിതായീ മരം**
**ഒരു തുള്ളി ദാഹജലത്തിനായ് മോഹിച്ചു**
**ഒടിയുവാൻ ഇനിയും നിമിഷങ്ങൾ മാത്രം**
**വരളുന്നയിലകളോ പൊഴിയുന്നു ഭൂമിയിൽ**
**വലിയൊരു മെത്ത വിരിച്ച പോലെ**
**മുകളിലായ് നിൽക്കുന്ന പൂവുതൻമുകുളങ്ങൾ**
**താഴെ നോക്കി കണ്ണീർ പൊഴിച്ചു**

**മഞ്ഞയാം മെത്തയിൽ**

**കാൽച്ചുവടങ്ങനെ**

**മന്ദം മന്ദം നീക്കി പോയിടുമ്പോൾ**

കരയുന്ന മുത്തശ്ശി മാവുതൻ മിഴിനീർ
കണങ്ങളാലെൻ പാദം നനഞ്ഞു

# ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പ്





നന്ദിപൂർവം.......................